**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 81** **16-09-2025 - ൽ മറുപടിയ്ക്ക്**

**കാവൽ പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്‌തീൻ ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ എം നൗഷാദ്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | ക്രമസമാധാനത്തിനും കുറ്റാന്വേഷണത്തിലും ഏറ്റവും മികച്ച സംസ്ഥാനമായി കേരളത്തെ മാറ്റിത്തീർക്കുന്നതിൽ സംസ്ഥാന പോലീസ് സേന വഹിക്കുന്ന പങ്ക് പ്രത്യേകം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ; | (എ) | ക്രമസമാധാനത്തിനും ആധുനിക സാങ്കേതിക വിദ്യകളുടെ ഉപയോഗത്തിലൂടെയുള്ള കുറ്റാന്വേഷണത്തിലും കേരളാ പോലീസ് രാജ്യത്തിന് തന്നെ മാതൃകയാണ്. വർഗ്ഗീയ കലാപങ്ങൾ, ദുരഭിമാനക്കൊലകൾ, രാഷ്ട്രീയ കൊലപാതകങ്ങൾ എന്നിവ തടഞ്ഞ് സാമുദായിക സൗഹാർദ്ദം സംരക്ഷിക്കുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും, അതോടൊപ്പം കുറ്റവാളികൾക്ക് കർശന ശിക്ഷ ഉറപ്പാക്കി ക്രമസമാധാന പാലനത്തിൽ "മൃദു ഭാവേ ദൃഢ കൃത്യേ" എന്ന തത്വത്തിൽ ഉറച്ച് പ്രവർത്തിക്കുന്ന കേരള പോലീസ് വഹിക്കുന്ന പങ്ക് സ്തുത്യർഹമാണ്. രഹസ്യാന്വേഷണ വിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കുന്ന തിനാൽ കാര്യങ്ങൾ മുൻകൂട്ടി നിരീക്ഷിച്ച് മത, രാഷ്ട്രീയ സംഘട്ടനങ്ങൾ തടയുന്നതിനും ലഹരി, ചൂതാട്ട കേന്ദ്രങ്ങൾ തുടങ്ങിയ സാമൂഹിക വിപത്തുകളെ പ്രതിരോധിച്ചും ക്രമസമാധാന പാലനം മാതൃകാപരമായി നടത്തിയും കുറ്റാന്വേഷണം കൂടുതൽ കാര്യക്ഷമമായും ശാസ്ത്രീയമായും നടത്തിയും, യാതൊരു ഉപാധികളും ഇല്ലാതെ 24 മണിക്കൂറും പോലീസിന്റെ പൂർണ്ണ സേവനം എല്ലാ പൗരന്മാർക്കും ഉറപ്പ് വരുത്തിയും പോലീസ് സേന നടത്തുന്ന സേവനം മറ്റ് സംസ്ഥാനങ്ങളിലെ പോലീസിംഗിനെ അപേക്ഷിച്ച് മുന്നിട്ട് നിൽക്കുന്നു. പൊതു യോഗങ്ങളും ഉത്സവങ്ങളും സമാധാനപരമായ നിയന്ത്രിക്കുന്നതിൽ കേരള പോലീസ് |

മുൻനിരയിലാണ്. അന്വേഷണം നടത്തി 90%-നു മേൽ കേസുകൾ കോടതിയിൽ സമർപ്പിക്കുന്ന സംസ്ഥാനങ്ങളിൽ കേരളം മുൻപന്തിയിലാണ്. മറ്റ് സംസ്ഥാനങ്ങളിലെ പോലീസിംഗുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിൽ ശിക്ഷ ലഭിക്കുന്ന നിരക്ക് രാജ്യ ശരാശരി യെക്കാൾ ഉയർന്നതാണ്.

മയക്ക് മരുന്നിന്റെ ഉപയോഗവും വിതരണവും തടയുന്നതിന് സംസ്ഥാനത്ത് എ.ഡി.ജി.പി. (എൽ & ഒ) യുടെ നേതൃത്വത്തിൽ Anti Narcotic Task Force (ANTF) ഉം, റേഞ്ച് തലത്തിൽ റേഞ്ച് ഡി.ഐ.ജി.മാരുടെ കീഴിൽ NDPS Co-ordination Cell-ഉം, ജില്ലകളിൽ നാർക്കോട്ടിക് സെൽ DySP മാരുടെ നേതൃത്വത്തിൽ DANSAF-ടീമും പ്രവർത്തിച്ചു വരുന്നു. കേരളത്തിലെ 427 പോലീസ് സ്റ്റേഷൻ പരിധികളിലായി 1087 ബ്ലാക്ക് സ്പോട്ടുകൾ തിരിച്ചറിഞ്ഞ് നിരന്തരമായി നിരീക്ഷണം നടത്തി വരുന്നു.

പൊതുജനങ്ങൾക്ക് മയക്കു മരുന്ന് ദുരുപയോഗം സംബന്ധിച്ച വിവരങ്ങൾ അറിയിക്കുന്നതിനായി National Narcotic Helpline നമ്പർ 1933 നിലവിലുണ്ട്. കൂടാതെ ആന്റി നർക്കോട്ടിക കൺട്രോൾ റൂമിന്റെ 9497979794, 9497927797 എന്നീ നമ്പരുകളിലായി 31.08.2025 വരെ 2,400 കോളുകൾ ലഭിച്ചിട്ടുള്ളതിന്റെ അടിസ്ഥാന ത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും, ഫോറൻസിക്, ഡിജിറ്റൽ തെളിവുകൾ ശേഖരിച്ച് ശാസ്ത്രീയ കുറ്റാന്വേഷണം നടത്തുന്നതിലും കേരളാ പോലീസ് രാജ്യത്തെ തന്നെ മുൻനിരയിലാണ്. കേരളാ പോലീസിന്റെ Cyber Dome പോലുള്ള സംവിധാനങ്ങൾ രാജ്യവ്യാപകമായി മാതൃകയായിട്ടുണ്ട്. പിങ്ക് പോലിസ് പട്രോൾ,സ്റ്റുഡന്റ് പോലീസ് കേഡറ്റ് ,ജനമൈത്രി കമ്മ്യൂണിറ്റി പോലീസിംഗ്,ഹൈ ടെക്ക് ക്രൈം ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്സ് (ഫോറൻസിക്, സൈബർ, ഡിജിറ്റൽ തെളിവെടുപ്പ്), സേഫ് കേരള പ്രോജക്ട്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടിസ്ഥാനത്തിലുള്ള ട്രാഫിക് നിയന്ത്രണം എന്നിവ കേരള പോലീസിന്റെ പ്രധാന നേട്ടങ്ങൾ ആണ്.

| | | | |
|---|---|---|---|
| (ബി) | പോലീസ് സേനാംഗങ്ങളുടെ മാന്യമായ പെരുമാറ്റവും വിശ്വാസ്യതയും മൂലം പൊതുജനങ്ങൾക്ക് പോലീസിന്റെ പ്രവർത്തനങ്ങളുമായി സഹകരിക്കുന്നതിനും ക്രമസമാധാന പാലനം തങ്ങളുടെ കൂടി ആവശ്യമാണെന്ന ബോധ്യത്തിൽ എത്തിച്ചേരുന്നതിനും ഇടയാക്കിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ; | (ബി) | പൊതുജനങ്ങളോട് പോലീസ് സേനാംഗങ്ങളുടെ മാന്യമായ പെരുമാറ്റം ഉറപ്പ വരുത്താനും പൊതുജന സഹകരണം മെച്ചപ്പെടുത്തുന്നതിനും സർക്കുലർ നം. 02/2024/PHQ പ്രകാരം സംസ്ഥാന പോലീസ് മേധാവി പോലീസ് ഉദ്യോഗസ്ഥർക്ക് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ജനമൈത്രി പോലീസ്, Student Police Cadet Project തുടങ്ങിയവ പോലീസ് വിജയകരമായി നടപ്പിലാക്കി വരുന്നു. പൊതുജനങ്ങളും പോലീസും തമ്മിൽ ഊഷ്മളമായ ബന്ധം ഉണ്ടാക്കിയെടുക്കുന്നതിനും പോലീസിന്റെ സേവനം വേഗത്തിൽ ലഭ്യമാക്കിയും മദ്യ/ ലഹരി മാഫിയകൾക്കെതിരെ മുഖം നോക്കാതെയുള്ള നടപടി സ്വീകരിച്ചും പൊതുജനങ്ങൾക്ക് ക്രമസമാധാന പാലനം തങ്ങളുടെ ആവശ്യമാണെന്ന ബോധ്യം വളർത്തിയെടുക്കാൻ സാധിച്ചിട്ടുണ്ട്. പോലീസ് ഉദ്യോഗസ്ഥരുടെ മാന്യമായ പെരുമാറ്റവും വിശ്വാസ്യതയും കൊണ്ട് പൊതുജനങ്ങളുടെ മനസ്സിൽ പോലീസിനെതിരെയുള്ള ധാരണ മാറ്റിയെടുക്കാൻ സാധിച്ചിട്ടുണ്ട്.<br><br>പൊതുജനങ്ങൾക്ക് മയക്കു മരുന്ന് ഉപയോഗം വിതരണം എന്നിവയെക്കുറിച്ച് പോലീസിന് രഹസ്യ വിവരം കൈമാറുന്നതിനായി പോലീസ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ യോദ്ധാവ് എന്ന മൊബൈൽ ആപ്ലിക്കേഷൻ രൂപീകരിച്ചിട്ടുണ്ട്. ഇതിലൂടെ വിവരങ്ങളുടെ ടെക്സ്റ്റ് സന്ദേശം, ഫോട്ടോ, വീഡിയോ അല്ലെങ്കിൽ ശബ്ദ സന്ദേശം ആയി 9995966666 എന്ന യോദ്ധാവിന്റെ വാട്സ്ആപ് നമ്പരിലേയ്ക്ക് റിപ്പോർട്ട് ചെയ്യാവുന്നതാണ്.<br><br>സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ മറ്റ് സംഘടനകളുമായി ചേർന്ന് അഗതികൾക്ക് ദിവസേന സൗജന്യ ഭക്ഷണം, മത്സര പരീക്ഷാ പരിശീലനം, പഠന |

| | | | |
|---|---|---|---|
| | | | വസ്തുക്കളുടെ വിതരണം, പൊതു വായനശാലകൾ എന്നിവ നടത്തി വരുന്നു. |
| (സി) | ഈ സർക്കാർ കാലയളവിൽ പോലീസ് സേനയുടെ കാര്യക്ഷമതയും പ്രവർത്തന മികവും ഉയർത്തിക്കൊണ്ടുവരുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | ഈ സർക്കാർ കാലയളവിൽ പോലീസ് സേനയുടെ കാര്യക്ഷമതയും പ്രവർത്തന മികവും ഉയർത്തിക്കൊണ്ടുവരുന്നതിനായി പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ഗുണ്ടകളെയും സാമൂഹ്യ വിരുദ്ധരെയും അമർച്ച ചെയ്യുന്നതിനും അവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും കാവൽ പോലുള്ള പ്രത്യേക പദ്ധതികൾ ഗുണകരമായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ? | (ഡി) | ഗുണ്ടകളെയും സാമൂഹ്യ വിരുദ്ധരെയും അമർച്ച ചെയ്യുന്നതിനും അവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനും 'ഓപ്പറേഷൻ കാവൽ' എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഓപ്പറേഷൻ കാവൽ എന്ന പേരിൽ സ്പെഷ്യൽ ഡ്രൈവ് നടത്തി വരുന്നുണ്ട്. 2024-ൽ 33 പേരെയും, 2025-ൽ 32 പേരെയും തടങ്കലിലാക്കിയിട്ടുണ്ട്. KAAPA 15 പ്രകാരം 2024-ൽ 108 പേർക്കെതിരെയും, 2025-ൽ 56 പേർക്കെതിരെയും സഞ്ചാര നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>“കാവൽ” പദ്ധതിയുടെ ലക്ഷ്യങ്ങൾ ഗുണ്ടാസംഘങ്ങളെ നിരീക്ഷിക്കുക, പോലീസ്-പൊതുജന സഹകരണ ത്തിലൂടെ വിവരശേഖരണം, സാമൂഹ്യ വിരുദ്ധരെ നിയന്ത്രിക്കുക, സ്റ്റേഷൻ ലിമിറ്റുകളിൽ തന്നെ “Rowdy/Goonda lists” തയ്യാറാക്കി നിരന്തരം നിരീക്ഷണം, കുറ്റകൃത്യം റിപ്പോർട്ട് ചെയ്തു ഉടനെ പോലീസിന്റെ ഇടപെടൽ ഉറപ്പാക്കുക, പൊതുജന സുരക്ഷാ ബോധവൽക്കരണം നടത്തുക എന്നിവയാണ്. Rowdy/Goonda lists ജില്ലാതലത്തിൽ അപ്ഡേറ്റ് ചെയ്തു വരുന്നു.<br><br>ഗുണ്ടാ സംഘങ്ങളുടെ ഇടപെടലുകൾ പല ജില്ലകളിലും ശ്രദ്ധേയമായി കുറയ്ക്കാൻ കാവൽ പദ്ധതി കാരണമായിട്ടുണ്ട്. കുറ്റ കൃത്യങ്ങൾ കൂടുതൽ റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്ന ജില്ലകളിലാണ് ഈ പദ്ധതി ആദ്യഘട്ടത്തിൽ നടപ്പിലാക്കിയത്. ഇത് വിജയകരമായതിനാൽ എല്ലാ ജില്ലകളിലും നടപ്പാക്കി. ജില്ലാതല പോലീസ് മേധാവികൾക്ക് നിരീക്ഷണ സെല്ലുകൾ രൂപീകരിക്കാനും മാസാന്ത്യത്തിൽ റിപ്പോർട്ട് സമർപ്പിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്.<br><br>കാവൽ പദ്ധതിയുടെ പരിണിത ഫലമായി ഗുണ്ടാ പ്രവർത്തനങ്ങൾ നിയന്ത്രണ വിധേയമാകുകയും, സാധാരണക്കാർക്ക് നിയമ സംവിധാനങ്ങളിലും നിയമ |

| | | | |
|---|---|---|---|
| | | | പാലകരിലും വിശ്വാസം വർദ്ധിക്കുകയും, സാമൂഹിക വിരുദ്ധർക്ക് നിയമത്തിൽ ഭയം വർദ്ധിക്കുകയും ചെയ്തു. ഓപ്പറേഷൻ കാവലിന്റെ ഭാഗമായി ലഹരിക്കച്ചവട ക്കാരേയും, ക്രിമിനലുകളേയും നിയന്ത്രി ക്കുന്നതിന് ജില്ലാതലത്തിൽ ജില്ലാ പോലീസ് മേധാവിമാരുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ Special Action Groups Against Organised Crimes (SAGOC) പ്രവർത്തിച്ചു വരുന്നു.<br><br>ജില്ലയിലെ ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലുമുള്ള ക്രിമിനലുകളേയും ആന്റി സോഷ്യലുകളെയും നിരീക്ഷിക്കുന്നതി നായി "Each One Watch One" എന്ന ആശയം നടപ്പിലാക്കിയതിലൂടെ സ്റ്റേഷൻ പരിധികളിലുള്ള എല്ലാ ക്രിമിനലുകളെയും ആന്റി സോഷ്യലുകളെയും നിരന്തരം നിരീക്ഷിക്കുന്നതിനും അതുവഴി അവരുടെ പ്രവർത്തനങ്ങളെയും ആക്രമണ സ്വഭാവങ്ങളെയും തടയുന്നതിന് സാധിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

- വിവിധ ആവശ്യങ്ങൾക്കായി സ്റ്റേഷനിൽ നേരിട്ടെത്തുന്ന രീതിക്ക് മാറ്റം വരുത്തുക എന്നത് പ്രധാനമായിരുന്നു. പരാതികൾ ഓൺലൈനായി സ്വീകരിക്കുന്ന പ്രത്യേക പോർട്ടൽ 'THUNA', 'POL- APP' എന്നിവ ഇതിൽ പ്രധാനമാണ്.
- ചെറിയ അപകടങ്ങൾ സംഭവിക്കുമ്പോൾ ആവശ്യമായി വരുന്ന 'ആക്സിഡന്റ് ജനറൽ ഡയറി എൻട്രി', FIR-ന്റെ പകർപ്പ്, ഉച്ചഭാഷിണികൾക്കുള്ള അനുമതി തുടങ്ങിയവ ഇപ്പോൾ ഓൺലൈനിൽ ലഭിക്കും.
- പാസ്പോർട്ട് വെരിഫിക്കേഷന്റെ എല്ലാ നടപടിക്രമങ്ങളും പൂർണ്ണമായും ഓൺലൈനിലാണ് നിർവ്വഹിക്കുന്നത്. ഇതു വഴി കാലതാമസം വലിയതോതിൽ ഒഴിവാക്കാനാകും.
- സ്റ്റേഷനുകളിൽ എത്തിച്ചേരുന്നവർക്ക് ഇരിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനൊപ്പം ഇവരെ സഹായിക്കുന്ന തിന് ഒരു P.R.O-യെ നിയോഗി ച്ചിട്ടുണ്ട്.
- പരാതിക്കാർക്ക് ഇരിക്കുവാനായി സ്ഥലസൗകര്യവും കുടിവെള്ളവും ശുചിമുറി സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.
- സ്റ്റേഷനുകളിൽ പരമ്പരാഗതമായ രീതിയിൽ റൈഫിൾ ഉപയോഗിച്ചുള്ള പാറാവ് ഡ്യൂട്ടി ഒഴിവാക്കി പിസ്റ്റൾ പോലുള്ള ആയുധങ്ങൾ യൂണിഫോമിനൊപ്പം ധരിക്കാവുന്ന രീതിയിലാക്കിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് ഭയരഹിതരായി കടന്നു ചെല്ലുന്നതിന് ഈ മാറ്റങ്ങൾ സഹായകരമാവും.

- പരാതിക്കാർക്ക് സ്വദേശത്തും വിദേശത്തു നിന്നും പരാതികൾ സമർപ്പിക്കുന്നതിനും അവയിൽ സ്വീകരിച്ച നടപടികൾ അറിയുന്നതിനും Online/Virtual Policing സംവിധാനം നിലവിലുണ്ട്.
- എല്ലാ പരാതികളും കൃത്യതയോടെ രജിസ്റ്റർ ചെയ്യപ്പെടുന്നു എന്നുള്ളതും ഇതിൽ പ്രധാനമാണ്. അന്വേഷണത്തിന്റെ ഭാഗമായി സാക്ഷികൾക്ക് ഓൺലൈനായി വീഡിയോ കോൺഫറൻസിംഗ് സംവിധാനത്തിലൂടെ മൊഴിരേഖപ്പെടുത്തുന്നതിനും കഴിയും.
- എല്ലാ സ്റ്റേഷനുകളിലും CCTV ക്യാമറ റെക്കോഡിംഗ് സംവിധാനം ആരംഭിച്ചതുവഴി പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കാൻ കഴിഞ്ഞു.
- സാമ്പത്തിക കുറ്റകൃത്യങ്ങളും സൈബർ കുറ്റകൃത്യങ്ങളും വർദ്ധിച്ചുവരുന്ന ഇക്കാലത്ത് കുറ്റവാളികളെ കണ്ടെത്തുക എന്നത് പോലീസിന് വലിയ വെല്ലുവിളിയാണ്. ഡിജിറ്റൽ സാങ്കേതിക വിദ്യയിലധിഷ്ഠിതമായ Face Recognition System (i- COPS) ഏത് കുറ്റവാളികളെയും തിരിച്ചറിയുന്നതിന് സഹായകരമായ സംവിധാനമാണ്.
- ഓൺലൈൻ സാമ്പത്തിക ചതിക്കുഴികളിൽപ്പെടുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നത് കണക്കിലെടുത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന 1930 എന്ന നമ്പർ പോലീസ് ആസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു.
- മയക്കുമരുന്നിന്റെയും ലഹരിയുടെയും വ്യാപനം തടയുന്നതിനും കുറ്റവാളികളെ നിയമത്തിന്റെ മുന്നിലെത്തിക്കാനും വിട്ടുവീഴ്ചയില്ലാത്ത സമീപനമാണ് സ്വീകരിക്കുന്നത്. അതോടൊപ്പം ഏത് കുട്ടികൾക്കും കടന്നു വരാവുന്ന വിധം സംസ്ഥാനത്തെ 148 പോലീസ് സ്റ്റേഷനുകൾ ശിശുസൗഹൃദമാക്കുകയും ചെയ്തിട്ടുണ്ട്. ഒപ്പം അംഗപരിമിതർക്കുള്ള സൗകര്യങ്ങളും ഏർപ്പെടുത്തിവരുന്നു.
- എല്ലാ സ്റ്റേഷനുകളിലും വനിതാ പോലീസ് ഉദ്യോഗസ്ഥർക്കായി പ്രത്യേക വിശ്രമമുറികൾ നിർമ്മിക്കുന്നതിന് നടപടിയെടുത്തിട്ടുണ്ട്.
- ഏതവസരത്തിലും പോലീസ് ജനങ്ങളുടെ ആവശ്യത്തിന് ഓടിയെത്തുക എന്നത് പ്രധാനമാണ്. ഇത് കണക്കിലെടുത്ത് സ്റ്റേഷനുകൾക്ക് മതിയായ വാഹനങ്ങൾ ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- സമൂഹത്തിലെ മുതിർന്ന പൗരന്മാരുടെ സുരക്ഷ മുൻനിർത്തി വയോജനങ്ങൾക്കും കിടപ്പ് രോഗികൾക്കും ഒറ്റയ്ക്ക് താമസിക്കുന്നവർക്കും സഹായകരമായി ജനമൈത്രി ബീറ്റ് ഓഫീസർമാരും കമ്യൂണിറ്റി റിലേഷൻ ഓഫീസർമാരും പ്രവർത്തിക്കുന്നു.

- കുറ്റവാളികളെ കണ്ടെത്തുന്നതിനുള്ള പ്രധാന തെളിവായ വിരലടയാളം എല്ലാ സ്റ്റേഷനുകളിലും ഡിജിറ്റലായി ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

- **കേന്ദ്രീകൃത കൺട്രോൾ റൂം**

  സംസ്ഥാനത്ത് പോലീസിന്റെ സേവനം 24 മണിക്കൂറും പൊതുജനങ്ങൾക്ക് ലഭ്യമാകും വിധം അടിയന്തര സേവനങ്ങൾക്ക് 112 എന്ന നമ്പരിൽ കേന്ദ്രീകൃത കൺട്രോൾ റൂം ERSS പോലീസ് ആസ്ഥാനത്ത് ആരംഭിച്ചു. പൊതുജനങ്ങൾക്ക് ഏത് അടിയന്തരഘട്ടങ്ങളിലും പോലീസിന്റെ സഹായം തേടാവുന്ന സാഹചര്യമാണ് ഇതുവഴി സജ്ജമാക്കിയിട്ടുള്ളത്.

- **സ്മാർട്ട് പോലീസ് സ്റ്റേഷനുകൾ**

  പോലീസ് ആധുനികവൽകരണത്തിന്റെ ഭാഗമായി 20 പോലീസ് സ്റ്റേഷനുകൾ സ്മാർട്ട് ആക്കുന്നതിനായിട്ടുള്ള പദ്ധതികൾ പുരോഗമിക്കുന്നു.

- ട്രാഫിക് കുറ്റകൃത്യങ്ങളും കുറ്റവാളികളെയും നിർമ്മിതബുദ്ധി സാങ്കേതിക വിദ്യയെ അടിസ്ഥാനമാക്കി നിരീക്ഷിച്ച് കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനായി Automatic Number Plate Recognition System (ANPR ക്യാമറകൾ) ഇതിനകം സ്ഥാപിച്ചിട്ടുണ്ട്.

- **ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്റർ**

  ഇന്റർനെറ്റിന്റെയും മൊബൈൽ ഫോണിന്റെയും ദുരുപയോഗം കൊണ്ട് കുട്ടികളിലുണ്ടാകുന്ന മാനസിക വിഷമങ്ങളും മനോവൈകല്യങ്ങളും പരിഹരിക്കുന്നതിനായി ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്റർ ആരംഭിച്ചിട്ടുണ്ട്.

- **Counter Child Sexual Exploitation Cell (CCSE)**

  സൈബർ സ്പെയ്സിലെ കുട്ടികളുടെ ലൈംഗിക ചൂഷണത്തെ ചെറുക്കുന്നതിന് ആവിഷ്ക്കരിച്ച കേരള പോലീസിന്റെ മികവുറ്റ കേന്ദ്രമാണ് Counter Child Sexual Exploitation Cell.

- **ആർട്ടിഫിഷ്യൽ ഇന്റലിജൻസ്**

  കേരള പോലീസിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന് തുടക്കമിട്ടിട്ടുണ്ട്. Crowd control and surveillance, facial identification, scanning video footage for anomalies എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

- **സൈബർഡോം**

  സൈബർ ഇടങ്ങളിലെ കുറ്റകൃത്യങ്ങൾ നിരീക്ഷിക്കുന്നതിനും തടയുന്നതിനുമായി തിരുവനന്തപുരത്തിന് പുറമെ കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലും സൈബർ ഡോം ആരംഭിച്ചു. സൈബർ ഡോമുകളിൽ

നിർമ്മിത ബുദ്ധി സാങ്കേതിക വിദ്യയുടെ സഹായം കുറ്റാന്വേഷണത്തിനും മറ്റും എങ്ങനെ പ്രയോജനപ്പെടുത്താമെന്ന പഠനങ്ങൾ നടത്തി വരുന്നു.

- ഡ്രോണുകൾ ഉയർത്തുന്ന സുരക്ഷ ഭീഷണികൾ നേരിടുന്നതിനായി ഒരു Drone Forensic Lab & Research Centre സ്ഥാപിച്ചിട്ടുണ്ട്.
- കുറ്റാന്വേഷണം കുറ്റമറ്റതാക്കുന്നതിന് വേണ്ടി സർക്കാർ ഫോറൻസിക് സയൻസ് ലബോറട്ടറികളെ ശക്തിപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഫോറൻസിക് സയൻസ് ലബോറട്ടറികൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിന് പുറമെ 28 സയന്റിഫിക് ഓഫീസർമാരുടെ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.
- <u>സൈബർ പോലീസ് സ്റ്റേഷനുകൾ</u>

  സൈബർ കുറ്റകൃത്യങ്ങൾ നേരിടുന്നതിനായി സംസ്ഥാനത്തെ എല്ലാ പോലീസ് ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട കേസുകൾ അന്വേഷിക്കുന്നതിന് പ്രത്യേക പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരെയും നിയമിക്കുകയുണ്ടായി.
- <u>സൈബർ പോലീസ് ഡിവിഷൻ</u>

  സൈബർ ലോകത്തെ വെല്ലുവിളികൾ നേരിടുന്നതിനായി ഒരു സൈബർ പോലീസ് ഡിവിഷൻ സ്ഥാപിച്ചിട്ടുണ്ട്.
- <u>സാമ്പത്തിക കുറ്റകൃത്യ വിഭാഗം</u>

  സാമ്പത്തിക തട്ടിപ്പ് കേസുകളിൽ അന്വേഷണം നടത്തുന്നതിനായി സാങ്കേതിക വൈദഗ്ധ്യമുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്.
- <u>അപരാജിത പദ്ധതി</u>

  ഗാർഹികപീഢനം, സ്ത്രീധനം എന്നിവയുമായി ബന്ധപ്പെട്ട പരാതികൾ അറിയിക്കുന്നതിനായി പോലീസ് സംവിധാനമായ അപരാജിത പദ്ധതി കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്. പരാതികൾ 9497996992 എന്ന ഫോൺ നമ്പർ മുഖേനയും Email ID: aparajitha.pol@kerala.gov.in മുഖേനയും അറിയിക്കാവുന്നതാണ്.
- <u>ചിരി പദ്ധതി</u>

  മാനസിക സംഘർഷം അനുഭവിക്കുന്ന കുട്ടികൾക്ക് സഹായഹസ്തവുമായി കേരളാ പോലീസ് നടപ്പിലാക്കിയ "ചിരി പദ്ധതി"

സംസ്ഥാനത്ത് മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്നു. ഇതിനായി ചിരി ഹെൽപ്പ് ലൈൻ നമ്പർ (9497900200) നിലവിലുണ്ട്.

- <u>കൂട്ട് നിയമ സഹായ പദ്ധതി</u>

സൈബർ ലോകത്ത് വർദ്ധിച്ചു വരുന്ന കുറ്റകൃത്യങ്ങൾക്കെതിരെ കുട്ടികളെ സജ്ജരാക്കുവാനായി കേരള പോലീസ്, ബച്പൻ ബച്ചാവോ ആന്തോളൻ സംഘടനയുമായി കൈകോർത്ത് "കൂട്ട്" എന്ന പേരിൽ ഒരു സമഗ്ര ബോധവൽക്കരണ നിയമ സഹായ പദ്ധതി നടത്തി വരുന്നു.